LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാർട്ടപ്പ് സംരംഭ വാരാനം

262 (629) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിലിക്കൺ വാലിയിൽ നിന്നും സംസ്ഥാനത്തിലേക്ക് ഒരു സ്റ്റാർട്ടപ്പ് സംരംഭ വാരാനം ഐ.ടി. വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സിലിക്കൺ വാലിയിലെ ക്ലീൻ ടെക് ഓപ്പൺ കമ്പനിയാണോ വാരാനം നൽകിയിരിക്കുന്നത് ; ഐ.ടി. വകുപ്പിന് ലഭിച്ച വാരാനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത സംരംഭത്തിന് സംസ്ഥാനത്തെ ഏത് ഐ.ടി. ഡെസ്റ്റിനേഷനിലാണ് സ്ഥലം ലഭ്യമാക്കാനുദ്ദേശിക്കുന്നത് ; എത്ര ലക്ഷം ചതുരശ്ര അടി സ്ഥലം ഇതിലേക്ക് തയ്യാറായിട്ടുണ്ട് ; എന്നത്തേക്ക് സംവിധാനം നിലവിൽ വരും ;

(ഡി) പ്രസ്തുത കമ്പനി മുന്നോട്ട് വച്ച നിബന്ധനകൾ എന്തെല്ലാമാണ് ; ഇക്കാര്യത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) Clean Tech Open എന്ന സ്ഥാപനത്തിൽ നിന്നും Centres for innovation excellence എന്ന സംരംഭം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി-ഡി) ഇക്കാര്യത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ അഭിപ്രായം ലഭ്യമായിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ ലഭ്യത

263 (630) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പുതുതായി എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സർക്കാർ നേരിട്ടു തൊഴിൽ നൽകിയതും, സ്വകാര്യ സ്ഥാപനങ്ങൾ നൽകിയതും എത്രവീതമാണെന്ന് വിശദമാക്കാമോ ;